# ബി.ടി.എം.എ.എം.യു.പി സ്കൂൾ, പേങ്ങാട്



# അക്കാദമിക് മാസ്റ്റർ പ്ലാൻ

## 2025 - 26

# ബി.ടി.എം.എ.എം.യു.പി സ്കൂൾ പേങ്ങാട്.
# ചരിത്രത്തിലേക്ക് ഒരു തിരിഞ്ഞുനോട്ടം

1976 കാലഘട്ടം പരിസര പ്രദേശങ്ങളെ അപേക്ഷിച്ച് പേങ്ങാടിൻറെ ചരിത്രം തികച്ചും വ്യത്യസ്ഥമായിരുന്നു. ഒരു പ്രദേശത്തിൻറെ പുരോഗതിക്കും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അത്യാവശ്യ ഘടകങ്ങളായ ഗതാഗതസൗകര്യം, വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ, വിദ്യാസമ്പന്നരായ ആളുകൾ ഇവകളൊന്നും ഇല്ലാത്ത പ്രദേശമായിരുന്നു പേങ്ങാട്. പ്രൈമറി വിദ്യാഭ്യാസം നേടാൻ പോലും പരിസര പ്രദേശങ്ങളായ പെരിങ്ങാവ്, ഐക്കരപ്പടി, രാമനാട്ടുകര എന്നീ പ്രദേശങ്ങളിലേക്ക് പോകേിയിരുന്നു. ഇതു നിമിത്തം ഏഴും, എട്ടും വയസായവരെ പോലും ഒന്നാം തരത്തിൽ പഠിപ്പിക്കാൻ രക്ഷിതാക്കൾ മടിച്ചിരുന്നു. ഈ അവസ്ഥ ഈ കാലഘട്ടത്തിൽ മലബാറിൽ പലസ്ഥങ്ങളുലും ഉായിരുന്നു. ഇതു മനസിലാക്കിയ അന്നത്തെ ഭരകകൂടം മലബാറിന്റെ പിന്നാക്കാവസ്ഥ മാറ്റിയെടുക്കണമെങ്കിൽ വിദ്യാഭ്യാസപരമായി ജനങ്ങളെ ഉയർത്തികൊുവരൽ അനിവാര്യമാണെന്ന് കത്തുെകയും മലബാർ മേഖലയിൽ വിദ്യാഭ്യാസപരമായി പിന്നാക്കം നിൽക്കുന്ന സ്ഥലങ്ങളിലെല്ലാം വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കുകയും ചെയ്തു.

ചെറുകാവ് പഞ്ചായത്തിൽ പേങ്ങാട് പ്രദേശത്ത് ഒരു പ്രൈമറി വിദ്യാലയം അനിവാര്യമാണെന്ന് അന്നത്തെ ഭരണസമിതി സർക്കാറിനോട് ആവശ്യപ്പെട്ടതു കാരണം ഒരു എൽ.പി സ്കൂൾ തുടങ്ങാൻ അനുമതി ലഭിച്ചു. പേങ്ങാട് പ്രദേശത്തെ സാമൂഹ്യ രാഷ്ട്രീയ പ്രവർത്തകർ ചേർന്ന് സ്കൂൾ തുടങ്ങുന്നതിന് അനുയോജ്യമായ സ്ഥലം കത്തുെന്ന കാര്യം ചർച്ച ചെയ്യുകയും പരിസര പ്രദേശങ്ങളിലെ വിദ്യാലയങ്ങളിൽനിന്നും ര് കിലേമീറ്റർ അകലത്തിലുള്ളതും എല്ലാഭാഗങ്ങളിൽനിന്നും കുട്ടികൾക്ക് എത്തിപ്പെടാൻ സൗകര്യമുള്ളതുമായ സ്ഥലം ഇപ്പോൾ നമ്മുടെ വിദ്യാലയം സ്ഥിതിചെയ്യുന്ന ഭാഗമാണെന്ന് കത്തുെകയും ചെയ്തു. ഇതിന് സ്ഥലം വിട്ടുകൊടുക്കാനും കെട്ടിടം പണിയാനും തയ്യാറുള്ള ആളുകളെ പഞ്ചായത്ത് ഭരണസമിതി അന്വേഷിച്ചപ്പോൾ പരേതനായ പി.കെ വീരാൻകുട്ടിഹാജി അത് ഏറ്റെടുക്കുകയും സർക്കാറിലേക്ക് അപേക്ഷിക്കുകയും ചെയ്തു. തുടർന്ന് ഈ വിദ്യാലയം (ബാഫഖി തങ്ങൾ മെമ്മോറിയൽ എയ്ഡഡ് മാപ്പിള എൽ.പി സ്കൂൾ) സർക്കാർ അനുവദിച്ചുനൽകി.

ഈ വിദ്യാലയം നിലവിൽ വരാൻ പ്രവർത്തിച്ച പലരും ഇന്നു ജീവിച്ചിരിപ്പില്ല. ഈ സ്ഥാപനത്തിന്റെ ചരിത്രം വിവരിക്കുമ്പോൾ അവരെക്കൂടി നമുക്ക് സ്മരിക്കാം. അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ് ആയിരുന്ന പി.പി അബ്ദുൽ ഗഫൂർ മൗലവി, കെ.സി മുഹമ്മദ് മൗലവി മാവൂർ, എൻ. ഹസൈനാർ ഹാജി, കുനിക്കാട്ട് ചിന്നൻ നായർ, മാധവൻ നായർ, പി. മൂസ മാസ്റ്റർ വൈദ്യരങ്ങാടി, കോലയിൽ നമ്പ്യാർ, കണക്കയിൽ അഹമ്മദ് കുട്ടി മാസ്റ്റർ കക്കോവ്, തുടങ്ങിയവർ....... പി.കെ വീരാൻ കുട്ടിഹാജി യാണ് ഈ സ്ഥാപനത്തിന് വേ മുഴുവൻ സാമ്പത്തിക സഹായവും ചെയ്തത്. സ്കൂളിന്റെ മാനേജറായി പി.കെ സീതിഹാജിയെ അദ്ദേഹം ചുമതലപ്പെടുത്തുകയും ചെയ്തു.

1976 ഫെബ്രുവരി 15 ന് പി.പി അബ്ദുൽ ഗഫൂർ മൗലവി തറക്കല്ലിടുകയും അതേവർഷം തന്നെ മെയ് രിന് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ചാക്കീരി അഹമ്മദ് കുട്ടി ഈ സ്ഥാപനത്തിന്റെ ഉദ്ഘാടനം നിർവ്വഹിക്കുകയും ചെയ്തു.

1976 ജൂൺ ഓന്നാം തിയ്യതി 102 കുട്ടികളെ ഒന്നാം ക്ലാസിൽ ചേർത്ത് തുടങ്ങിയ ഈ വിദ്യാലയം 1980 ൽ പൂർണ്ണ എൽ.പി സ്കൂളായി നിലവിൽ വന്നു.

പ്രാധാന അധ്യാപകനായി ഹസ്സൻ മാസ്റ്റർ കക്കോവ്, പി.കെ വീരാൻ കുട്ടി മാസ്റ്റർ പേങ്ങാട് എന്നിവരായിരുന്നു ഈ വിദ്യാലയത്തിൽ ആദ്യമായി ജോലിയിൽ പ്രവേശിച്ചവർ. 1982 ൽ ഈ വിദ്യാലയം യു.പി സ്കൂളായി ഉയർത്തി.

# പൊതു വിശകലനം

സാമൂഹികമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും വളരെ പിന്നാക്കം നിന്നിരുന്ന മലപ്പുറം ജില്ലയിലെ ചെറുകാവ് പഞ്ചായത്തിലെ പേങ്ങാട് ഗ്രാമത്തിൽ 1976 ലാണ് ഈ വിദ്യാലയം രൂപീകൃതമായത് ഒരു പ്രദേശത്തിന്റെ പുരോഗതിക്കും ജനങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും അത്യാവശ്യ ഘടകങ്ങളായ ഗതാഗതസൗകര്യം വിദ്യാഭ്യാസത്തിന്റെ സൗകര്യങ്ങൾ വിദ്യാസമ്പന്നരായ ആളുകൾ ഇവകളൊന്നും ഇല്ലാത്ത പ്രദേശമായിരുന്നു ഈ പേങ്ങാട് തുടക്കത്തിൽ ഒന്നുമുതൽ നാലുവരെ ക്ലാസുകളിൽ ആരംഭിച്ച ഈ വിദ്യാലയം യുപി സ്കൂൾ ആയി ഉയർത്തുകയും ചെയ്തു.

ചെറുകാവ് പഞ്ചായത്തിലെ പതിനാറാം വാർഡിൽ സ്ഥിതിചെയ്യുന്ന ഈ വിദ്യാലയത്തിൽ എൽ.കെ.ജി മുതൽ ഏഴ് ക്ലാസുകൾ ആയി ഇപ്പോൾ 580 പരം കുട്ടികൾ പഠിക്കുന്നു ഹെഡ്മാസ്റ്റർ ഉൾപ്പെടെ 26 അധ്യാപകരും ഒരു ഓഫീസ് അറ്റന്റും ഇവിടെ ജീവനക്കാരായി ഉണ്ട്. കലാകായിക പ്രവർത്തനങ്ങളാലും അക്കാദമിക പ്രവർത്തനങ്ങളാലും ഈ വിദ്യാലയം മികച്ച നിലവാരം പുലർത്തുന്നു

# അക്കാദമിക മാസ്റ്റർ പ്ലാൻ 2025 -26

## അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ
## വികസന ലക്ഷ്യങ്ങൾ

1. ഭാഷാശേഷി വികസനം
2. ഗണിത ശേഷി വികസനം
3. ഇംഗ്ലീഷ് പഠനം അനായാസകരമാക്കൽ
4. വായനാ ശേഷി വർദ്ധിപ്പിക്കൽ
5. ശാസ്ത്രപോഷണ പരിപാടി
6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & സാമൂഹ്യ ശാസ്ത്രം
7. പ്രതിഭാ പോഷണ പരിപാടി
8. ലൈബ്രറി ശാക്തീകരണം
9. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ
10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം
11. പഠനയാത്രകൾ
12. സ്കൂൾ പത്രം, മാസിക
13. അധ്യാപക ശാക്തീകരണം സ്കൂൾ എസ്.ആർ.ജി തലം
14. പ്രവൃത്തി പരിചയ പരിശീലനം
15. കലാപരിപോഷണം
16. പച്ചക്കറിത്തോട്ടം
17. സാഹിത്യ ശില്പശാലകൾ
18. മെഡിക്കൽ ക്യാമ്പുകൾ
19. രക്തഗ്രൂപ്പ് നിർണയം
20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ
21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ
22. ഭാഷാ ലാബ്
23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ
24. ഗവേഷണാത്മക പഠനം
25. കായികശേഷി വികസനം
26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ
27. ചോദ്യപേപ്പർ ശില്പശാല
28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ
29. ജന്മദിന പുസ്തകം
30. ചിത്രരചനാ ക്യാമ്പ്
31. ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യ ശാസ്ത്ര, ഐ.ടി, പ്രവൃത്തി പരിചയ മേളകൾ
32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

# പൊതുലക്ഷ്യങ്ങൾ

1. സ്കൂളിൽ എത്തുന്ന എല്ലാ കുട്ടികൾക്കും അദാത് ക്ലാസിൽ നേടേ പഠനശേഷികൾ കൈവരിച്ചു എന്ന് ഉറപ്പുവരുത്തുക

2. എല്ലാ കുട്ടികൾക്കും മലയാളം ഇംഗ്ലീഷ് അറബി ഭാഷകളിൽ എഴുതാനും വായിക്കാനും ഉള്ള കഴിവ് ഉറപ്പുവരുത്തുക

3. ഓരോ കുട്ടിയും ഒന്നാമനാണ് എന്ന ലക്ഷ്യം മുൻനിർത്തി കുട്ടികളുടെ അഭിരുചി,കഴിവ് എന്നിവയ്ക്ക് പരമാവധി പ്രോത്സാഹനവും ഉയർന്ന പരിശീലനവും ലഭ്യമാക്കും.

4. സയൻസി ലാബ്, കമ്പ്യൂട്ടർ ലാബ്,ഗണിത ലാബ് തുടങ്ങിയവ നവീകരിക്കും

5. ഒന്നാം ക്ലാസ് മുതൽ ഏഴാം ക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും അക്കാദമിക സപ്പോർട്ടിനായി പാഠഭാഗങ്ങൾക്ക് അനുസൃതമായി വർക്ക്ഷീറ്റുകൾ ലഭ്യമാക്കും.

6. മാലിന്യമുക്ത വിദ്യാലയം ഹരിത പെരുമാറ്റ ചട്ടം പാലിച്ച് സമ്പൂർണ്ണ പ്ലാസ്റ്റിക് നിരോധനം ശുചിത്വം വേസ്റ്റ് മാനേജ്മെന്റ് മൈനജല നിർമ്മാർജ്ജനം തുടങ്ങിയവർ കൃത്യമായി നടപ്പിലാക്കും.

7. പോക്സൊ സംബന്ധമായ ബോധവൽക്കരണം.

8. രാസ ലഹരി മൊബൈൽ അഡിക്ഷൻ തുടങ്ങിയവർക്കെതിരെ മുൻകരുതലുകൾ

# വിദ്യാലയം മികവിന്റെ കേന്ദ്രം ....കാഴ്ചപ്പാട്

1. പാഠ്യപഠി എത്ര പ്രവർത്തനങ്ങൾ സജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ

2. മാനവികത സ്നേഹം കരുണ വ്യക്തി ശുചിത്വം സാമൂഹ്യ ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കൽ.

3. സാമൂഹികമായും സാമ്പത്തികമായും പാർശ്വവൽക്കരിക്കപ്പെട്ടവർ ഭിന്നശേഷി എന്നിവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്ത ഉറപ്പാക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കുക

4. സമ്മാനപ്രായമുള്ള കുട്ടികൾ ആർജ്ജിക്കുന്നതിനേക്കാൾ മികവാർന്നശേഷികളും ധാരണകളും ഓരോ ക്ലാസിലെയും കുട്ടികൾ നേടുന്നു് എന്ന് ഉറപ്പാക്കാൻ

5.പാരിസ്ഥിതികാവബോധത്തോടുള്ള ജീവിതവും വികസന സങ്കൽപ്പങ്ങളും രൂപപ്പെടുത്താനുള്ള മനോഭാവം ഉാക്കൽ.

# പദ്ധതി രൂപവൽക്കരണ പ്രക്രിയ വിവിധ ഘട്ടങ്ങൾ

1. എസ് ആർ ജി യോഗം, സ്റ്റാഫ് യോഗം,പിടിഎ യോഗം,എന്നിവയിലൂടെ അക്കാദമിക് മാസ്റ്റർ പ്ലാൻ കാഴ്ചപ്പാട് അവതരിപ്പിക്കലും ചർച്ചയും.

2. അക്കാദമിക് ആവശ്യങ്ങൾക്ക് ക്ലാസ്, വിഷയം അടിസ്ഥാനത്തിൽ പദ്ധതി,ലക്ഷ്യം, പ്രവർത്തനം, എസ്റ്റിമേറ്റ്,തുക കാലയളവ്, പ്രവർത്തനം, നടപ്പിലാക്കുന്ന ഏജൻസി എന്നിവ നിശ്ചയിക്കൽ

3. കരട് രൂപരേഖ എസ് ആർ ജി,പിടിഎ,എം പി ടി എ, സ്റ്റാഫ് കൗൺസിൽ എന്നിവയ്ക്ക് മുൻപിൽ അവതരിപ്പിക്കൽ.

4. ശില്പശാലയിൽ ഉയർന്നുവന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർക്കൽ.

5. സ്റ്റാഫ് കൗൺസിലിന്റെ നേതൃത്വത്തിൽ ക്രോഡീകൃത അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കൽ.

# അധ്യാപകരും വിവരങ്ങളും

## നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ

| വിഭാഗം | നിലവിൽ ഉള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| ക്ലാസ് മുറി | 25 | |
| ആൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 8 | |
| പെൺകുട്ടികൾക്കുള്ള ടോയ്‌ലറ്റ് | 11 | |
| കിണർ | 2 | |
| ലൈബ്രറി | 1 | |
| ചുറ്റുമതിൽ | 1 | |
| കളിസ്ഥലം | 1 | 1 |
| ക്ലാസ്മുറിയിലേക്കുള്ള റാമ്പ് | 1 | 1 |
| അടുക്കള | 1 | |
| റീഡിംഗ് റൂം | 1 | 1 |
| സ്കൂൾ ബസ് | 1 | 1 |
| വിഷയ ലാബുകൾ | 2 | 3 |
| സ്റ്റേജ് | 1 | |
| കമ്പ്യൂട്ടർ /ലാപ്ടോപ്പ് | 11 | 5 |
| ഓഡിറ്റോറിയം | 1 | |
| സോ് സിറ്റം | 2 | |
| പ്രൊജക്റ്റർ | 4 | 16 |
| സ്മാർട്ട് റൂം | 4 | |
| പൂന്തോട്ടം | 1 | |
| പച്ചക്കറിത്തോട്ടം | 1 | |
| തണൽ മരങ്ങൾ | 6 | |
| ഓഫീസ് റൂം | 1 | |
| സ്റ്റാഫ് റൂം | 1 | |

## മറ്റു ഐ.സി.ടി സാധ്യതകൾ

| സംവിധാനം | ഉ ്/ഇല്ല |
|---|---|
| വിക്ടർ ചാലൻ | ഉ ് |
| ഡി.വി.ഡി പ്ലയർ | ഉ ് |
| ഇന്റർ നെറ്റ് | ഇല്ല |
| വെബ്സൈറ്റ് | ഉ ് |
| ബ്ലോഗ് | ഉ ് |
| ഇമെയിൽ | ഉ ് |
| സ്മാർട്ട് റൂം | ഉ ് |

# പ്രശ്നങ്ങൾ വെല്ലുവിളികൾ

**അക്കാദമികം : -**

1. മുഴുവൻ കുട്ടികൾക്കും പ്രതീക്ഷിത പഠനനേട്ടം ഉറപ്പാക്കാൻ സാധിക്കുന്നില്ല
2. റിസോഴ്സ് അധ്യാപകരുടെ കുറവ്
3. ഭിന്ന നിലവാരക്കാരെ പരിഗണിച്ചുകൊുള്ള പാഠ്യപദ്ധതിയുടെ അഭാവം
4. ഏകദേശം 5% ത്തോളം കുട്ടികൾക്ക് അടിസ്ഥാന ശേഷി കൈവരിക്കാൻ സാധിക്കുന്നില്ല
5. ശരിയായ കായിക ക്ഷമത ഉറപ്പുവരുത്താൻ കഴിയുന്നില്ല
6. ചില കുട്ടികൾക്ക് ഗണിതം ഭാഷാ വിഷയങ്ങൾ എന്നിവയിൽ നിർദ്ദേശിക്കപ്പെട്ട ശേഷികൾ മുഴുവൻ ആർജിക്കാൻ കഴിയുന്നില്ല
7. പ്രാദേശിക വിഭവങ്ങളെ പരമാവധി ഉപയോഗപ്പെടുത്തുവാൻ കഴിയുന്നില്ല
8. പഠനപ്രക്രിയ പൂർണ്ണമായും വൈവിധ്യം ഉള്ളതാക്കാനും ശാസ്ത്രീയമാക്കാനും കഴിഞ്ഞിട്ടില്ല
9. ക്ലാസ് ലൈബ്രറിയുടെ പ്രവർത്തനം വേത്ര വിജയകരമായിട്ടില്ല
10. കുട്ടികൾക്ക് ആവശ്യമായ ഗൈഡ് ലൈൻ / കൗൺസിലിംഗ് നൽകാൻ ആവശ്യമായ ശാസ്ത്രീയ മാർഗങ്ങളുടെ അഭാവം
11. വിത്യസ്ത മേഖലകളിൽ പരിശീലനം നേടിയ അധ്യാപകരുടെ അഭാവം

**ഭൗതികം : -**

1. റിസോഴ്സ് റൂം മുറികളുടെ അഭാവം
2. ക്ലാസ് ലൈബ്രറിക്ക് വിപുലമായ സൗകര്യമില്ല
3. ടോയ്‌ലറ്റുകൾ വൃത്തിയായി സൂക്ഷിക്കുവാൻ കഴിയുന്നില്ല
4. പ്രഭാത ഭക്ഷണം കഴിക്കാതെ കുട്ടികൾ സ്കൂളിൽ എത്തുന്നു
5. കലാകായിക പ്രവർത്തനങ്ങൾക്ക് ആവശ്യമായ പ്രോത്സാഹനം നൽകാൻ വിദഗ്ധരുടെ സേവനം എപ്പോഴും ലഭ്യമാക്കാൻ സാധിക്കുന്നില്ല
6. ഭാഷാ ലാബ് പ്രവർത്തനക്ഷമമായിട്ടില്ല
7. വിദ്യാലയം ഒരു പാഠപുസ്തകമാണ് അവസ്ഥ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല

**സാമൂഹികം : -**

1. ഭിന്നശേഷിക്കാരായ കുട്ടികളുടെ പ്രശ്നങ്ങളിൽ ഇടപെടുന്നതിന് രക്ഷിതാക്കൾ സാമൂഹിക പ്രവർത്തകർ എന്നിവർക്ക് ആവശ്യമായ അവബോധം ഇല്ല
2. ഭിന്നശേഷിക്കാരുടെ മികച്ച പഠനത്തിനും ജീവിതത്തിനും നിലവിലുള്ള നിയമപരിക്ഷയെ കുറിച്ച് ധാരണയില്ല
3. വിദ്യാലയത്തിന്റെ അക്കാദമികവും ഭൗതികവുമായ ആവശ്യങ്ങൾ നിറവേറ്റുന്നതിനും പ്രശ്നങ്ങൾ പരിഗണിക്കുന്നതിനും സാമൂഹിക പങ്കാളിത്തം പൂർണമായും ഉറപ്പാക്കാൻ കഴിയുന്നില്ല
4. പൂർവ വിദ്യാർത്ഥി സംഘടന, പൂർവ്വ അധ്യാപക സംഘടന, എസ്.എം.സി, എസ്.എം.ഡി.സി, പി.ടി.എ എന്നീ സംഘടനകളുടെ സാധ്യതകൾ വേവിധം കത്തെി പ്രയോജന പ്പെടുത്തുന്നില്ല
5. പ്രാദേശിക വിഭവ പടം തയ്യാറാക്കി പ്രദേശത്ത് ലഭ്യമായ പ്രതിഭകളുടെ സഹായം വിദ്യാലയത്തിന് ഉറപ്പാക്കുന്നില്ല
6. കലാസാംസ്കാരിക പ്രവർത്തനങ്ങൾ സംബന്ധിച്ച ശരിയായ കാഴ്ചപ്പാട് രക്ഷിതാക്കളിലും കുട്ടികളിലും വികസിക്കുന്നില്ല
7. കലാകായിക പ്രവർത്തി പരിചയ സാംസ്കാരിക പരിപാടികൾ ഏകോപിക്കുന്നതിനും സഹായിക്കുന്നതിനും സമൂഹത്തിലെ പ്രതിഭകളുടെ സഹായം പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല

# ഗണിത ക്ലബ്ബ്

കണക്ക് എന്ന വിഷയം ചിലർക്കൊക്കെ ഭയം ജനിപ്പിക്കുന്നതും കയറാൻ സാധിക്കാത്തതുമായ ഒരു രാവണൻ കോട്ട പോലെയാണ്.എന്നാൽ അടിസ്ഥാനപരമായ ചില സൂത്രവിദ്യകൾ ഉങ്കിൽ ഈ രാവണൻ കോട്ടയിലെ ഓരോ വാതിലും നമുക്ക് മുന്നിൽ തുറക്കപ്പെടും.

ഗണിതത്തിലെ സങ്കീർണ്ണതകളെ ലഘൂകരിച്ചുകൊ് വിദ്യാർത്ഥികളെ ഗണിതാഭിരുചി വളർത്തുക, എളുപ്പവഴിയിലൂടെ ഉത്തരം കത്തെി കുട്ടികളിൽ ഗണിത അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെ ഈ അധ്യായന വർഷത്തിൽ നമ്മുടെ വിദ്യാലയത്തിലെ അധ്യാപകരും ഗണിത ക്ലബ്ബ് അംഗങ്ങളും ചേർന്ന് വിവിധ ആശയങ്ങളും പദ്ധതികളും മുന്നോട്ട് വയ്ക്കുകയാണ്.

### പ്രവർത്തന പദ്ധതിയിൽ അംഗങ്ങളായ അധ്യാപകർ

ലിജിന
ദിലീപ് കുമാർ
ഷമീം
സിയാദുദ്ധീൻ
സുഹൈൽ
മുഫീദ

### പ്രവർത്തന പദ്ധതികൾ

1. **ജൂൺ 10 ശനി** :- ഗണിത ക്ലബ്ബിന്റെ രൂപീകരണത്തിനായി ഓരോ ക്ലാസ്സ് അധ്യാപകർക്കും നോട്ടീസ് നൽകുന്നു.
2. **ജൂൺ 12 തിങ്കൾ** :- ഗണിത ക്ലബ്ബിന്റെ രൂപീകരണം നടത്തുന്നു.
3. **ജൂൺ 13 ചൊവ്വ** :- ഗണിത ക്ലബ്ബിന്റെ പ്രഥമ യോഗം നടത്തുന്നു. യോഗത്തിൽ സെക്രട്ടറി, ജോയിൻ സെക്രട്ടറി, എക്സിക്യൂട്ടീവ് മെമ്പർ മാർ എന്നിവരെ തെരഞ്ഞെടുക്കുന്നു.
4. **ജൂൺ 20 ചൊവ്വ** :- ഗണിത ബുള്ളറ്റിൻ ബോർഡിന്റെ ഉദ്ഘാടനം നിർവഹിക്കുന്നു.

ഗണിതം ലളിതമാണെന്നു തിരിച്ചറിഞ്ഞു അത് ആസ്വദിക്കാൻ കഴിയുന്ന തരത്തിലേക്ക് കുട്ടികളെ മാറ്റിയെടുക്കാൻ ബുള്ളറ്റിൻ ബോർഡിന് കഴിയും.

ഓരോ ആഴ്ചയിലും 10 ചോദ്യങ്ങൾ ഇടുകയും അവയുടെ ഉത്തരങ്ങൾ കത്തെി ബോക്സിൽ നിക്ഷേപിക്കുക. അതിൽ നിന്നും കുട്ടികളെ നറുക്കെടുത്ത് വിജയികളെ ക െ ത്തു ക. **വിജയികൾക്ക് സമ്മാനം നൽകുക**

നൽകുന്ന ചോദ്യവലി ഉൾകൊള്ളിച്ചു കൊു ഓരോ മാസവസാനത്തിലും ക്വിസ് മത്സരം നടത്തുക എന്നിവയാണ് പ്രവർത്തനങ്ങൾ

ബുള്ളറ്റിൻ ബോർഡിലെ content മാറ്റുന്നതിനും മറ്റുമായി ഗണിത ക്ലബ് അംഗങ്ങളെ നിയോഗിക്കുന്നു

**ഗണിത ആശയങ്ങൾ കുട്ടികളിലേക്ക് എളുപ്പം കടന്നുചെല്ലാൻ പഠനോപകരണങ്ങൾക്ക് സാധ്യതയുള്ളതിനാൽ എല്ലാവരുടെയും സഹായസഹകരണത്തോടെ ഗണിത ലാബ് ഒരുക്കി ഗണിത പഠനം എളുപ്പമാക്കുന്നു.**

**5. ജൂൺ 24 ശനി : –** ഗണിതലാബ് ഉത്ഘാടനം നടത്തുന്നു.

ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസുകളിലേക്ക് ആവശ്യമായ ഗണിത ഉപകരണങ്ങൾ സജ്ജീകരിക്കുകയും ഗണിത ലാബിന്റെ ചാർജ് അധ്യാപകന് നൽകുകയും ചെയ്യുന്നു.

ഗണിതത്തെ കൂടുതൽ ആസ്വാദ്യകരമായ വിഷയമാക്കി തീർക്കാനും പിന്നോക്കാവസ്ഥ പരിഹരിക്കാനും ആയിട്ടുള്ള രീതിയാണ് ഗണിത വിജയം, ഉല്ലാസ് ഗണിതം എന്നിവ.

**6. ജൂലൈ 3 തിങ്കൾ** : – Screening test നടത്തി പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളെ കണ്ടെത്തുന്നു.

തൊട്ടടുത്ത ദിവസം മുതൽ തന്നെ അവർക്കുള്ള പ്രത്യേക പരിശീലനം ഗണിത വിജയവും അതുപോലെ ഉല്ലാസ ഗണിതവും ആരംഭിക്കുന്നു.

ഐസിടി സാധ്യതകൾ പരമാവധി ഉപയോഗിച്ച് ഗണിത പഠനം ലളിതമാണെന്ന് കുട്ടിയെ നമുക്ക് ബോധ്യപ്പെടുത്താം

**7. ജൂലൈ 5 ബുധൻ** : – മാത്സ്ബ്ലോഗ് ഉദ്ഘാടനം.

**8. ഓഗസ്റ്റ് 2 ബുധൻ** : – Geometrical chart,geometrical shapes, എന്നിവ ഉൾക്കൊള്ളുന്ന ഒരു ഏകദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു.

**9. ഓഗസ്റ്റ് 7 തിങ്കൾ** : – ശാസ്ത്രമേളയ്ക്കായുള്ള പരിശീലനത്തിനായി കുട്ടികളെ ക്ലാസ് തല മത്സരം ഗണിതമേള നടത്തി കണ്ടെത്തുന്നു. അടുത്തദിവസം മുതൽ തെരഞ്ഞെടുത്ത കുട്ടികൾക്കായുള്ള പരിശീലനം ആരംഭിക്കുന്നു.

**10. സെപ്തംബർ 2 ശനി** : – മത്സര പരീക്ഷയായ ന്യൂമാക്സ് സ്കൂൾ തല പരീക്ഷ നടത്തുന്നു. ഒന്നും രും സ്ഥാനക്കാരെ കണ്ടെത്തുന്നു. അടുത്തദിവസം മുതൽ അവർക്കുള്ള പരിശീലനം ആരംഭിക്കുന്നു

**11. ഡിസംബർ 11 തിങ്കൾ** : –രാമാനുജൻ ദിനാചരണത്തിലേക്ക് ആയി കുട്ടികളെ പരിശീലിപ്പിക്കുന്നു.

**12. ഡിസംബർ22 വെള്ളി** : – രാമാനുജൻ ദിനാചരണം

ഒരു പ്രഗൽഭ വ്യക്തിയുടെ സ്പെഷ്യൽ ക്ലാസ്.

**മാസാവസാനം നടത്തുന്ന ക്വിസ് മത്സരത്തിലെ വിജയികളെ എല്ലാം ഉൾക്കൊള്ളിച്ചുകൊ് ഒരു മെഗാ ക്വിസ് മത്സരം. ഗണിതാന്തരീക്ഷ സ്കൂൾ, ഡോക്യുമെന്റേഷൻ.**

**അധ്യാപകരും ചുമതലകളും**

| | | |
|---|---|---|
| ബുള്ളറ്റിൻ ബോർഡ്, ഗണിത ലാബ് | : | ലിജിന, ഷമീം,മുഫീദ |
| ക്വിസ് മത്സരങ്ങൾ | | |
| സ്പെഷ്യൽ ക്ലാസുകൾ | : | ദിലീപ് കുമാർ,ലിജിന, സിയാദുദ്ധീൻ |
| മാക്സ് ബ്ലോഗ്, ഡോക്യുമെന്റേഷൻ | : | ഷെമീം, സുഹൈൽ |
| ശില്പശാല, ഗണിത മേള | : | സിയാദുദ്ദീൻ,ലിജിന,ദിലീപ് കുമാർ,ഷമീം |

# വിദ്യാരംഗം ക്ലബ്ബ്

എഴുത്തിന്റെയും. വായനയുടെയും പുതിയ ലോകത്തിലേക്ക് കുട്ടികളെ കൈപിടിച്ച് നടത്താനും അവരുടെ ഉള്ളിലെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിനുമായി ഈ അധ്യയന വർഷത്തിൽ അധ്യാപകരും വിദ്യാരംഗം ക്ലബ്ബ് അംഗങ്ങളും ചേർന്ന് വിവിധ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തിരിക്കുകയാണ്.

## ക്ലബ്ബ് അംഗങ്ങൾ

സൗദ ടീച്ചർ
ജോസ്ന ടീച്ചർ
മുഹമ്മദ് കോയ മാഷ്
അജേഷ് മാഷ്
ഫസൽ മാഷ്

## ക്ലബ്ബ് പ്രവർത്തനങ്ങൾ

**1. ജൂൺ 6 ചൊവ്വ** :- ക്ലാസ് തല ക്ലബ്ബ് പ്രതിനിധികളെ കത്തെുന്നു.

**ജൂൺ 14 ബുധൻ.** :- വിദ്യാരംഗം ക്ലബ്ബ് ആദ്യ മീറ്റിംഗ് ചേർന്ന് ഭാരവാഹികളെ തിരഞ്ഞെടുക്കുന്നു.

**ജൂൺ 19** :- വായനാ ദിനം
വായനാ വാരാഘോഷമായി നടത്തും

ജൂൺ 19 - തിങ്കൾ :- ലൈബ്രറി പുസ്തക വിതരണം, വായനാ കാർഡ് വിതരണം

**ജൂൺ 20 - ചൊവ്വ** :- കവിത & കഥ രചനാ മത്സരങ്ങൾ . (UP)

**ജൂൺ 21 - ബുധൻ** :- സാഹിത്യക്വിസ് മത്സരം.(LP, UP )

**ജൂൺ 22, വ്യാഴം** :- കുട്ടികൾതയ്യാറാക്കിയ പുസ്തകത്തിന്റെ ആസ്വാദനക്കുറിപ്പ് ശേഖരണം ( UP), പതിപ്പ് നിർമ്മാണം

**ജൂലൈ 5:ബുധൻ** :- ബഷീർ ദിനം
ബഷീർ കൃതികൾ പ്രദർശനം
ബഷീർ കഥാപാത്ര ചിത്രീകരണം (ഘജ)
ഡോക്യുമെന്ററി പ്രദർശനം

**ഓഗസ്റ്റ് 17 വ്യാഴം** :- ചിങ്ങം.1 കർഷക ദിനം
നാടൻ പ്പാട്ട് ആലാപന മത്സരം .(ഘജ, ഡജ) (ഇത് ഈ ദിനത്തിന് മുമ്പ് ഓഗസ്റ്റ് 14 ന് നടത്താൻ തീരുമാനം)

**സെപ്തംബർ 27 ബുധൻ**:- വിനോദ സഞ്ചാരദിനം ( ഫീൽഡ് ട്രിപ്പ് )

**ഒക്ടോബർ 7 ശനി** :- സംഗീത ലോകത്തെ അനശ്വര പ്രതിഭ എം എസ് ബാബുരാജ് അനുസ്മരണവും വിദ്യാരംഗം ക്ലബ്ബ് ഉദ്ഘാടനവും .

കൂടുതൽ പുസ്തകങ്ങൾ വായിച്ച കുട്ടികളെ കത്തെി പ്രോൽസാഹന സമ്മാനങ്ങൾ നൽകൽ,

**നവംബർ 1** :- കേരളപ്പിറവി ദിനം
കേരളീയ സാഹിത്യകാരൻമാരെ പരിചയപ്പെടുത്തൽ
പതിപ്പ് നിർമ്മാണം

**ഫെബ്രുവരി 9 വ്യാഴം** :- സ്കൂൾ തല സാഹിത്യ ക്യാമ്പ് .
(പുറത്തു നിന്നുള്ള ആളുകളെ കിട്ടുന്നതിനനുസരിച്ച് ഇത് സാഹിത്യ ശില്പശാലകളാക്കി അവധി ദിവസങ്ങളിൽ സംഘടിപ്പിക്കാനും നോക്കും ) .